LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ യഥാസമയം നടപ്പിലാക്കുന്നതിനായി 2017 ആഗസ്റ്റ് മാസത്തിൽ പതിമൂന്ന് സർവ്വേയർമാരെ നിയോഗിച്ചെങ്കിലും ഫണ്ടിന്റെ അഭാവവും പ്രദേശവാസികളുടെ നിസ്സഹകരണവും കാരണം സർവ്വേ നടപടികൾ 2018 ജനുവരി മാസത്തിലാണ് ആരംഭിക്കാൻ കഴിഞ്ഞത്. നിലവിൽ അറുപത്തിയൊന്ന് ശതമാനം സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം പതിച്ച് കൊടുക്കാവുന്ന പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിരുന്ന കക്ഷികൾക്കെതിരെ കെ.എൽ.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷങ്ങളായി കൃഷി ചെയ്തുവരുന്ന ഭൂമിയായതിനാലും മിച്ചഭൂമി ഏറ്റെടുക്കുന്ന വേളയിൽത്തന്നെ അന്യകൈവശമായതിനാലും വനഭൂമിയുമായി ചേർന്ന് കിടക്കുന്ന മിച്ചഭൂമിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാലും കെ.എൽ.സി. നടപടികൾ കൈക്കൊള്ളുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ചെങ്കുത്തായ മലമ്പ്രദേശത്ത് നിർത്തിവയ്ക്കപ്പെട്ട സർവ്വേ പുനരാരംഭിക്കുന്നതിന് പതിനഞ്ച് സർവ്വേയർമാരെയും അഞ്ച് ഫോറസ്റ്റ് സർവ്വേയർമാരെയും നിയോഗിക്കാൻ ജില്ലാ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും നിലവിലുള്ള കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത സർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് സർവ്വേയർമാരെ നിയമിച്ച് ടി സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ചേർന്ന എം.എൽ.എ.-മാരുടെ യോഗത്തിൽ പ്രത്യേകമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അടിയന്തരമായി നടപ്പിലാക്കാനാവശ്യമായ നടപടികളെടുക്കുന്നതാണ്.

(5) എരുമേലി തെക്ക് വില്ലേജിലെ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ജനകീയ വിഷയമാണ് എരുമേലി തെക്ക് വില്ലേജിലെ എയ്ഞ്ചൽവാലി, പമ്പാവാലി, മുക്കംപെട്ടി പ്രദേശങ്ങളിലെ ആയിരത്തോളം വരുന്ന കൃഷിക്കാർക്ക് പതിറ്റാണ്ടുകളായി പട്ടയം ലഭിക്കാത്ത പ്രശ്നം. ആ പ്രദേശത്ത് 536.43 ഹെക്ടർ സ്ഥലം തിരു-കൊച്ചി ഗവൺമെന്റിന്റെ 1-10-1955-ലെ F4/1405/54 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന് കൈമാറുകയും അന്നത്തെ ഗവൺമെന്റിന്റെ 'Grow More Food' പദ്ധതി പ്രകാരം റവന്യൂ വകുപ്പ് കൃഷിക്കാർക്കും വിമുക്ത ഭടന്മാർക്കും കൈവശം നൽകിയിരുന്നതുമാണ്. ആ ഭൂമി

അന്നുമുതൽ അവർ കൈവശം വച്ച് അനുഭവിക്കുകയും ഇന്ന് ആയിരത്തോളം കുടുംബങ്ങൾ അവിടെ പാർക്കുകയും ചെയ്യുന്നു. വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ, ഹൈസ്കൂൾ, പോസ്റ്റോഫീസ്, ആയുർവ്വേദാശുപത്രി, സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളൊക്കെ ഇന്ന് അവിടെ പ്രവർത്തിക്കുന്നുമുണ്ട്. ആ വസ്തുവിന് കൈവശക്കാർക്ക് പട്ടയം നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ 30670/2004 പ്രകാരം 24.06.2009-ൽ ഉത്തരവ് പുറപ്പെടുവിച്ചതിൻപ്രകാരം 2016-ൽ 855 പേർക്ക് പട്ടയം നൽകുകയുണ്ടായി. ബാക്കിയുള്ളവരുടെ പട്ടയം തയ്യാറാക്കുകയും ചെയ്തു. എന്നാൽ പിന്നീട് തണ്ടപ്പേർ പിടിച്ച് കരമടയ്ക്കാൻ അവർക്ക് കഴിഞ്ഞില്ല. റീസർവ്വേ ഡിപ്പാർട്ടുമെന്റ് എരുമേലി തെക്ക് വില്ലേജിലെ 82-ാം നമ്പർ ബ്ലോക്ക് ReLIS (Revenue Land Information System) സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ് കാരണം. ഈ പ്രശ്നം വളരെ ഗൗരവമായി കണ്ട്, ഇവർക്ക് പട്ടയം നൽകാൻ കഴിയുന്നതാണെന്ന നിലയിൽ 'വനഭൂമിയുടെ തടസ്സമില്ല' എന്നുള്ള റിപ്പോർട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയിട്ടുള്ളതും ഇവർക്ക് പട്ടയം അനുവദിച്ചുകൊണ്ട് 27-1-2011-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗൗരവമായി ഇത് പരിഗണിച്ച് 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ സെക്ഷൻ 24 പ്രകാരം ആ പ്രദേശത്തെ കൈവശക്കാരായ കൃഷിക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ സർക്കാർ വളരെ ഗൗരവത്തോടെ കാണുന്നു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ടതും എയ്ഞ്ചൽവാലി, പമ്പാവാലി, കണമല, മുക്കംപെട്ടി തുടങ്ങിയ പ്രദേശങ്ങളിലെ കർഷകർ 1947-1953 കാലഘട്ടം മുതൽ കൈവശംവച്ച് കൃഷി ചെയ്ത് അനുഭവിക്കുന്നതുമായ ഭൂമിക്ക് എത്രയുംവേഗം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച 'Grow More Food' പദ്ധതിയുടെ ഭാഗമായി കർഷകർക്ക് നൽകിയിരുന്നതാണിത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശം 1978-ലാണ് പെരിയാർ ടൈഗർ റിസർവ്വിലുൾപ്പെടുത്തിയത്. 28-9-2015-ലെ 502/2005/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എരുമേലി തെക്ക് വില്ലേജിൽ പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടൈഗർ റിസർവിലുൾപ്പെട്ട പമ്പാവാലി പ്രദേശത്തുള്ള 904 പേർക്ക് പട്ടയം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പട്ടയങ്ങൾക്ക് നിയമസാധുതയില്ലാത്തതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ വനഭൂമിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അനുമതിയോടുകൂടി ഡീറിസർവ് ചെയ്തതിനുശേഷം ടി പ്രദേശങ്ങളിൽ കൈവശക്കാർക്ക് പട്ടയം നൽകാൻ സാധിക്കും. പുതുതായി സംയുക്ത പരിശോധന നടത്താതെതന്നെ മുൻകാലത്ത് നൽകിയിട്ടുള്ള സംയുക്ത പരിശോധനാ വിവരങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്ന കാര്യമുൾപ്പെടെ പരിഗണിച്ചുകൊണ്ട് ഭൂമിയുടെ കൈവശക്കാരായ കർഷകർക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർത്ത് നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(6) റെഗുലേറ്ററുകളുടെ പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ മുപ്പതിനായിരം ഏക്കർ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറാതെ കൃഷി സംരക്ഷിക്കാനും മഴക്കാലത്ത് വരുന്ന അധികജലം പുറത്തുവിട്ട് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമാവശ്യമായ വിധത്തിൽ 1957-ൽ പ്രഥമ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മിച്ച ഏനാമാക്കൽ റെഗുലേറ്റർ, ഇ. കെ. നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട ഇടിയഞ്ഞിറ റെഗുലേറ്റർ എന്നീ രണ്ട് റെഗുലേറ്ററുകളും കാലപ്പഴക്കംമൂലം പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. ഇതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് ഓരോ വർഷവും ഈ റെഗുലേറ്ററിനുമുന്നിൽ താൽക്കാലിക ബണ്ട് നിർമ്മിച്ചാണ് കൃഷി സംരക്ഷിച്ചുവരുന്നത്. 2018-ലെ പ്രളയജലം പുറത്ത് വിടാൻതന്നെ വളരെയധികം പ്രയാസം നേരിട്ട സ്ഥിതി വിശേഷമുണ്ടായി. അതുണ്ടാക്കിയ പ്രശ്നങ്ങൾ നിരവധിയാണ്. ഇതിന് പരിഹാരമായിട്ടാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ RKI (Rebuild Kerala Initiative-ലൂൾപ്പെടുത്തിക്കൊണ്ട് രണ്ട് റെഗുലേറ്ററുകളുടെയും പുനർനിർമ്മാണത്തിനാവശ്യമായ 11.78 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാലവർഷം കഴിഞ്ഞ് ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു വർഷംകൂടി നഷ്ടപ്പെടും. അതുണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്. യന്ത്രവൽകൃത യുഗത്തിൽ മോട്ടോർ സംവിധാനത്തോടുകൂടിയുള്ള